ഓഗസ്റ്റ് 3-9

# പാഠം 6

# സ്രഷ്ടാവിനെ ആരാധിക്കുക

**വായിക്കുക:** സങ്കീർത്തനം 115:1-8; ആവർത്തനം 10:17-22; സങ്കീർത്തനം 101:1; യെശയ്യാവ് 1:10-17; 58:1-14; മർക്കൊസ് 12:38-40.

**മനഃപാഠവാക്യം:** "അന്യായബന്ധനങ്ങളെ അഴിക്കുക; നുകത്തിന്റെ അമിക്കയറുകളെ അഴിക്കുക; പീഡിതരെ സ്വതന്ത്രരായി വിട്ടയയ്ക്കുക; എല്ലാ നുകത്തെയും തകർക്കുക; ഇതല്ലയോ എനിക്കു ഇഷ്ടമുള്ള ഉപവാസം? വിശപ്പുള്ളവനു നിന്റെ അപ്പം നുറുക്കിക്കൊടുക്കുന്നതും അലഞ്ഞുനടക്കുന്ന സാധുക്കളെ നിന്റെ വീട്ടിൽ ചേർത്തുകൊള്ളുന്നതും നഗ്നനെ കണ്ടാൽ അവനെ ഉടുപ്പിക്കുന്നതും നിന്റെ മാംസരക്തങ്ങളായിരിക്കുന്നവർക്കു നിന്നെത്തന്നേ മറെക്കാതെയിരിക്കുന്നതും അല്ലയോ?" (യെശ. 58:6,7).

പഴയനിയമ പ്രവചനങ്ങളുടെ തിടുക്കത്തിലുള്ള ഒരു വായനപോലും ദരിദ്രരോടും പീഡിതരോടുമുള്ള ദുഷിച്ച പെരുമാറ്റത്തിനു എതിരേയുള്ള പ്രവാചകരുടെ ചിന്താഭാരത്തെ നമ്മളിൽ ഉണർത്തും. പ്രവാചകന്മാരും അവർ ആർക്കുവേണ്ടി വേണ്ടി സംസാരിച്ചുവോ ആ ദൈവവും, ചുറ്റുപാടുമുള്ള രാജ്യങ്ങളിൽ ചെയ്തു കണ്ടവയിൽ ക്രോധം നിറഞ്ഞവരാണ് (ആമോസ് 1, 2 കാണുക). ദൈവജനം തന്നെ ചെയ്തു വന്ന അതിക്രമ ക്രിയകളിലും അവർ പ്രത്യേകിച്ചു കോപവും ദുഃഖവും ഉള്ളവരായിരുന്നു; ധാരാളം ദിവ്യാനുഗ്രഹങ്ങൾ ലഭിച്ചവർ ആയിരുന്നല്ലോ അവർ. അവർക്കു അവരുടെ ചരിത്രവും ദൈവിക നിയമങ്ങളും നൽകപ്പെട്ടിരുന്നതിനാൽ അവർ നന്നായി അറിയേണ്ടിയിരുന്നു. നിർഭാഗ്യവശാൽ കാര്യങ്ങൾ എപ്പോഴും അങ്ങനെ ആയിരുന്നില്ല. പ്രവാചകന്മാർക്കാകട്ടെ സംഭവങ്ങളുടെ ദുസ്ഥിതിയെക്കുറിച്ചു ഏറെ പറയുവാനും ഉണ്ടായിരുന്നു.

നീതിയെക്കുറിച്ചും അനീതിയെക്കുറിച്ചും പഴയനിയമ പ്രവാചകന്മാരിൽനിന്നു ലഭ്യമായിട്ടുള്ള ഏറ്റവും നന്നായി അറിയപ്പെടുന്ന പല പ്രസ്താവനകളും ആരാധന സംബന്ധിച്ച നിർദ്ദേശങ്ങളുടെ പശ്ചാത്തലത്തിൽ നൽകപ്പെട്ടവ ആണെന്നു കണ്ടെത്തുന്നതു തികച്ചും താല്പര്യകരമാണ്. നാം കാണാൻ പോകുന്നതുപോലെ, സത്യാരാധന കേവലം ഏതെങ്കിലും ഒരു മതസംബന്ധമായ ചടങ്ങിൽ സംഭവിക്കുന്ന ഒന്നല്ല. മറ്റുള്ളവരുടെ ക്ഷേമത്തിനായുള്ള ദൈവത്തിന്റെ കരുതലിനെ പങ്കുവയ്ക്കുകയും, ചവിട്ടിമെതിക്കപ്പെട്ടവരുടെയും അവഗണിക്കപ്പെട്ടവരുടെയും ജീവിത ഉന്നമനത്തിനായി ആഗ്രഹിക്കുകയും ചെയ്യുന്ന ഒരു ജീവിതത്തെ സംബന്ധിക്കുന്നതാണു സത്യാരാധന.

# വിഗ്രഹാരാധനയും പീഡനവും

ദൈവം ഇസ്രായേലിനെ ഇന്നത്തെ ഈജിപ്തിൽനിന്നു പുറപ്പെടുവിച്ചു അധികം കഴിയുന്നതിനുമുമ്പു, താൻ സീനായിയിൽ അവരുമായി ഒരുമിച്ചു കണ്ടുമുട്ടി. അവിടെ വെച്ചു ദൈവം അവർക്കു എഴുതപ്പെട്ട പത്തു കല്പനകൾ നൽകി. അന്യദേവന്മാരെ ആരാധിക്കരുതെന്നും വിഗ്രഹങ്ങളെ ഉണ്ടാക്കരുതെന്നുമുള്ള ആദ്യ രണ്ടു കല്പനകളും അവയിൽ ഉൾപ്പെട്ടിരുന്നു (പുറ. 20:2–6 കാണുക). ദൈവം കല്പിച്ചതൊക്കെയും അവർ ചെയ്യുമെന്നും ദൈവത്തിന്റെ ജനമായി ജീവിക്കുമെന്നും മറുപടിയായി ജനം വാഗ്ദത്തം ചെയ്തു (പുറ. 24:1–13).

മോശെ പക്ഷേ പിന്നീടു ഏതാണ്ടു ആറാഴ്ച്ചക്കാലം പർവ്വതത്തിലേക്കു കയറിപ്പോയിരുന്നു. അവനു എന്തു സംഭവിച്ചിരിക്കാമെന്നു ജനം അതിശയിക്കുവാനും തുടങ്ങി. ജനങ്ങളുടെ സമ്മർദ്ദത്തിനു വഴങ്ങി, അഹരോൻ ഒരു സ്വർണ്ണകാളക്കുട്ടിയെ ഉണ്ടാക്കി ജനങ്ങളെക്കൊണ്ടു അതിനു വഴിപാടു കഴിപ്പിച്ചു. അതിനുശേഷം “അവർ ഭക്ഷിപ്പാനും കുടിപ്പാനും ഇരുന്നു, പിന്നെ കളിപ്പാൻ എഴുന്നേറ്റു” (പുറ. 32:6). എത്ര പെട്ടെന്നു ജനം ദൈവത്തെ വിട്ടകന്നു വിഗ്രഹാരാധനയിൽ മുഴുകി എന്നതിൽ ദൈവത്തിനും മോശെയ്ക്കും ഒരുപോലെ ഉഗ്രകോപം ജ്വലിച്ചു. മോശെയുടെ പക്ഷവാദം മാത്രമാണു ഇസ്രായേലിനെ അവർക്കു തികച്ചും അർഹമായിരുന്ന ശിക്ഷയിൽനിന്നു രക്ഷിച്ചതു എന്നാണു കാണപ്പെടുന്നത് (പുറ. 32:30–34).

ദൈവജനം തങ്ങളുടെ ജീവിതവഴിയിൽ മിക്കപ്പോഴും വീണുപോയ ഒരു പരീക്ഷ ആയിരുന്നു എന്തായാലും വിഗ്രഹസേവ. ഇസ്രായേലിലെയും യെഹൂദയിലെയും രാജാക്കന്മാരുടെ ചരിത്രത്തിൽ വിഗ്രസേവയുടെ കാലഘട്ടങ്ങൾ ഇടകലർന്നു കാണപ്പെടുന്നു. അന്യദേവന്മാരെ സേവിക്കുന്നതിനായി രാജാക്കന്മാരുടെ പ്രവൃത്തികൾ ജനങ്ങളെ നയിച്ച അതിരുവിട്ട പ്രവൃത്തികളും അതിൽപ്പെടുന്നു. ജനങ്ങളെ തന്നിലേക്കു മടക്കി വിളിക്കുന്നതിനായി ദൈവം അയച്ച പ്രവാചകന്മാരുടെ ശ്രദ്ധാകേന്ദ്രം, തുടരെ ഉണ്ടായിക്കൊണ്ടിരുന്ന ഇത്തരം അവിശ്വസ്തത ആയിരുന്നു. ഉണർവ്വിനും നവീകരണത്തിനുമായുള്ള ഇത്തരം ആഹ്വാനങ്ങളുടെ കൂട്ടത്തിൽ, സാധുക്കളോടും ദരിദ്രരോടും നിസ്സഹായരോടും കൂടുതൽ നന്നായി പെരുമാറുന്നതിനുള്ള ആഹ്വാനങ്ങളും ഉണ്ടായിരുന്നു.

**സങ്കീർത്തനം 115:1–8 വായിക്കുക. എത്രമാത്രം നിർണ്ണായകമായ വസ്തുതയാണു ഇവിടെ നൽകപ്പെട്ടിരിക്കുന്നത്?**

നാം ആരാധിക്കുകയും ശ്രദ്ധവയ്ക്കുകയും ചെയ്യുന്ന വ്യക്തിയെയോ വസ്തുവിനെയോ പോലെ നാം ആയിത്തീരുക എന്നതു ഒരു മാനുഷിക പ്രവണതയാണ്. ദൈവജനം നീതിയുടെ ദൈവത്തെ വിട്ടു ചുറ്റുപാടുകളിൽ ഉണ്ടായിരുന്ന വ്യാജ ദേവന്മാരെ ആരാധിക്കുവാൻ തുടങ്ങിയപ്പോൾ, അതു കൊണ്ടുതന്നെ, മറ്റുള്ളവർക്കും നീതിക്കുവേണ്ടിയുള്ള ചിന്ത കുറഞ്ഞുപോയി എന്നതു സ്വാഭാവികം മാത്രമായിരുന്നു; ഈ ദേവഗണം ആകട്ടെ യുദ്ധങ്ങ ളുടെയോ പ്രത്യുൽപാദനത്തിന്റെയോ ശൈലിയിലുള്ള ജീവികൾ ആയി രുന്നു. ദൈവജനം അന്യദേവന്മാരെ തിരഞ്ഞെടുത്തപ്പോൾ, ഏറെ കാര്യങ്ങ ളിൽ അവരുടെ മനോഭാവം മാറിയിരുന്നു, എങ്ങനെ അവർ മറ്റുള്ളവരെ കണ ക്കാക്കി എന്നതും അതിൽ ഉൾപ്പെട്ടിരുന്നു. ദൈവത്തോടു അവർ വിശ്വസ്തർ ആയിരുന്നെങ്കിൽ, അവരുടെ ഇടയിൽ ഉണ്ടായിരുന്ന ദരിദ്രരുടെ കാര്യത്തിൽ ദൈവത്തിന്റെ കരുതൽ അവർ പങ്കിടുമായിരുന്നു.

**നാം ആരാധിക്കുന്നതിനൊത്തു നാം ആയിത്തീരും എന്ന ആശയത്തെക്കുറിച്ചു കൂടുതൽ ചിന്തിക്കുക. ഈ തത്വത്തിന്റെ ആധു നിക പ്രകടനങ്ങൾ നാം എങ്ങനെയൊക്കെ കാണുന്നു?**

**തിങ്കൾ** **ഓഗസ്റ്റ് 5**

## ആരാധനയ്ക്കു കാരണം

ദൈവത്തെ ആരാധിക്കുവാൻ, ബൈബിൾ ആദിയോടന്തം, ദൈവജനത്തോടു ആവശ്യപ്പെടുന്നു. അങ്ങനെ ചെയ്യുന്നതിനുള്ള കാരണ ങ്ങളും ആവർത്തിച്ചു നൽകപ്പെട്ടിരിക്കുന്നു. ദൈവം ആരാകുന്നു, ദൈവം എന്തു ചെയ്തിരിക്കുന്നു എന്നതും പിന്നെ ദൈവത്തിന്റെ അനേകം ദിവ്യഗു ണങ്ങളും നിമിത്തമാണു നാം ദൈവത്തെ ആരാധിക്കേണ്ടിവരുന്നത്. ദൈവ ത്തിന്റെ നന്മയും നീതിയും കരുണയും അവയുടെ കൂട്ടത്തിൽ ഉള്ളവയാണ്. ദൈവം എന്തുപോലെയാണു, ദൈവം നമുക്കുവേണ്ടി എന്തു ചെയ്തിരി ക്കുന്നു (ക്രിസ്തുവിന്റെ ക്രൂശിൽ പ്രത്യേകിച്ചു), എന്തു ചെയ്യുവാൻ ദൈവം വാഗ്ദത്തം ചെയ്യുന്നു എന്നീ കാര്യങ്ങൾ നമുക്കു ഓർമ്മ വരുമ്പോൾ, ദൈവത്തെ ആരാധിക്കുന്നതിലും സ്തുതിക്കുന്നതിലും ആർക്കും ഒരിക്കലും കാരണം ഇല്ലാതിരിക്കില്ല.

**ആവർത്തനം 10:17-22; സങ്കീ. 101:1; 146:5-10; യെശ. 5:16; യെശ. 61:11 എന്നിവ വായിക്കുക. ദൈവത്തെ ആരാധിക്കുവാനും സ്തുതിക്കു വാനും എന്തെല്ലാം ഉൾപ്രേരണകളാണു ഈ വാക്യങ്ങളിൽ നൽകപ്പെട്ടി രിക്കുന്നത്?**

ദൈവത്തെ ആരാധിക്കുന്നതിനുള്ള അത്തരം കാരണങ്ങൾ ദൈവജനത്തിനു പുതിയവ ആയിരുന്നില്ല. പുതുതായി വിടുവിക്കപ്പെട്ട ഇസ്രായേല്യരുടെ അത്യുത്സാഹകരമായ ചില വേളകൾ, അവരുടെ കാര്യത്തിലുള്ള ദൈവത്തിന്റെ വ്യക്തമായ ഇടപെടലിനു പ്രതികരണമായി ഉണ്ടായവ ആയിരുന്നു. ഉദാഹരണം, ഈജിപ്തിൽനിന്നു പുറത്തുവന്ന് ചെങ്കടൽ കടന്നശേഷം, മോശെയും മിര്യാമും അപ്പോൾ തന്നെ അവർ ദർശിച്ചതിനും രക്ഷപ്പെട്ടതിനും ദൈവത്തിനു സ്തുതി പാടുന്നതിൽ ജനത്തെ നയിച്ചു (പുറ. 15 കാണുക).

ദൈവത്തിന്റെ നീതിയും കരുണയും, അത്തരം സംഭവങ്ങളിൽ വെളിവാക്കപ്പെട്ടതുപോലുള്ളവ, മറക്കപ്പെടുവാൻ ഉള്ളവ ആയിരുന്നില്ല. അത്തരം കഥകളെ വീണ്ടും വീണ്ടും പറഞ്ഞു ജനം അവയെ ജീവനോടെ സൂക്ഷിച്ചപ്പോൾ, വർഷങ്ങൾക്കുശേഷവും പിൻതലമുറകളിലും ദൈവത്തിന്റെ പ്രവൃത്തികളും നീതിയും അവരുടെ ആരാധനയ്ക്കു ഉൾപ്രേരണയായി തുടർന്നു. ആവർത്തിച്ചു പറയുന്നതിന്റെയും ആരാധനയുടെയും അത്തരം ഒരു ദൃഷ്ടാന്തം ആവർത്തനം 10:17-22 ൽ രേഖപ്പെടുത്തിയിരിക്കുന്നു.

ദൈവത്തിന്റെ നീതി, ഒന്നാമതു, ദൈവം ആരാകുന്നു എന്നതിന്റെ ഭാഗമായ ദൈവത്തിന്റെ സ്വഭാവത്തിന്റെ അനുപേക്ഷണീയമായ ഒരു അന്തർഘടകം ആകുന്നു. "ദൈവം തെറ്റുചെയ്യും, സർവ്വശക്തൻ ന്യായം മറിച്ചുകളയും എന്നതു ചിന്തിക്കാൻ അരുതാത്തതാണു" (ഇയ്യോ. 34:12, NIV). ദൈവം നീതിമാനാണു, നീതിയെക്കുറിച്ചു കരുതലുള്ളവനാണു എന്നത് ദൈവത്തെ ആരാധിക്കുവാനും സ്തുതിക്കുവാനും അതു ഒരു കാരണവുമാണ്.

രണ്ടാമതു, ദൈവത്തിന്റെ നീതി, തന്റെ ജനത്തിനു വേണ്ടിയും, ദരിദ്രരും പീഡിതരുമായ എല്ലാവർക്കും വേണ്ടിയുമുള്ള തന്റെ ന്യായവും നീതിയുമായ പ്രവൃത്തികളിൽ കാണപ്പെടുന്നു. ദൈവത്തിന്റെ നീതി എന്നതു ഒരിക്കലും തന്റെ സ്വഭാവത്തിന്റെ കേവലം ഒരു വിവരണമല്ല. എന്നാൽ, "ദരിദ്രരുടെ നിലവിളി കേട്ട്" ഒരു ദൈവത്തെ ബൈബിൾ വിവരിക്കുന്നു (ഇയ്യോ. 34:38). മാത്രമല്ല, നമ്മുടെ ലോകത്ത് വ്യക്തമായി കാണപ്പെടുന്ന തെറ്റുകളെ ശരിപ്പെടുത്തുന്നതിലും ദൈവം സജീവമായി പ്രവർത്തിക്കുകയും അതിനായി ആകാംക്ഷയോടെ കാക്കുകയും ചെയ്യുന്നു. ദൈവത്തിന്റെ അന്ത്യന്യായവിധിയിലും ലോകത്തിന്റെ പുതിയ സൃഷ്ടിപ്പിലും ഇതു അത്യന്തികമായി പൂർണ്ണ യാഥാർത്ഥ്യമാകും.

**ദൈവത്തെ സ്തുതിക്കുവാൻ പുരാതന യിസ്രായേലിനു കാരണം ഉണ്ടായിരുന്നെങ്കിൽ, ക്രൂശിനുശേഷം ദൈവത്തെ പുകഴ്ത്തുവാൻ അതിനെക്കാൾ എത്ര അധികം കാരണങ്ങൾ നമുക്കുണ്ടായിരിക്കും?**

# മതപീഡകർ

അവരുടെ ആരാധന വിഗ്രഹാരാധനയുടെയും അന്യമതങ്ങളുടെയും ഉൾവഴികൾ ഇടകലർന്നതു ആയിരുന്നെങ്കിലും യെഹൂദയുടെയും യിസ്രാ യേലിന്റെയും മെച്ചമായ കാലങ്ങളിൽ ജനങ്ങൾ വിശുദ്ധമന്ദിരത്തിലേക്കും ദൈവാരാധനയിലേക്കും മടങ്ങിവന്നിരുന്നു. എങ്കിലും പ്രവാചകന്മാരുടെ കാഴ്ചപ്പാടിൽ മതപരമായ അവരുടെ ഏറ്റവും മികച്ച പരിശ്രമങ്ങൾപോലും, ദേശത്തു ഇടയ്ക്കിടെ നിലനിന്നിരുന്ന അവരുടെ ദൈനംദിന ജീവിതങ്ങളിലെ തിന്മകളിൽനിന്നു അവരെ പിന്തിരിപ്പിക്കുവാൻ പര്യാപ്തം ആയിരുന്നില്ല. അവരുടെ മതാചാരങ്ങളിലും ആരാധനകളിലും കൂടി മതനിഷ്ഠ ഉള്ളവർ ആകുവാൻ അവർ എത്ര കഠിനമായി പ്രവർത്തിച്ചെങ്കിലും, അവരുടെ ഗാന ങ്ങളുടെ സംഗീതത്തിനു, ദരിദ്രരുടെയും പീഡിതരുടെയും നിലവിളികളെ മുക്കിക്കളയുവാൻ കഴിഞ്ഞില്ല.

ആമോസ് തന്റെ കാലത്തെ ജനങ്ങളെ വിവരിച്ചതു ഇപ്രകാരം ആയി രുന്നു. “ദരിദ്രന്മാരെ വിഴുങ്ങുവാനും ദേശത്തിലെ സാധുക്കളെ ഇല്ലാതാക്കു വാനും പോകുന്നവരേ”... (ആമോ. 8:6). “എളിയവരെ പണത്തിനും ദരിദ്ര ന്മാരെ ഒരു കൂട്ടു ചെരിപ്പിനും മേടിക്കേണ്ടതിനും” (വാ. 4), മതാചാരങ്ങൾ തീർന്നു കിട്ടുന്നതിനും അവരുടെ അവിശ്വസ്ത തൊഴിൽ തുടരുന്നതിനും വ്യാപാരസ്ഥലങ്ങൾ തുറന്നു വയ്ക്കുന്നതിനുള്ള അവരുടെ തിടുക്കം ആമോസ് കണ്ടു.

**യെശയ്യാവ് 1:10–17; ആമോസ് 5:21–24; മീഖാ. 6:6–8 വായിക്കുക. അവരുടെ മതനടപടികളെക്കുറിച്ചു മതനിഷ്ഠയുള്ള അവരോടു ദൈവം എന്താണു പറഞ്ഞത്?**

ദൈവം തന്റെ പ്രവാചകന്മാരിലൂടെ ശക്തമായ ഭാഷയിലാണു അവ രുടെ മതത്തെയും ആരാധനയെയും അപലപിക്കുന്നത്. അവരുടെ ചുറ്റുപാ ടുകളിൽ ഉണ്ടായിരുന്നവരുടെ കഷ്ടപ്പാടുകളിൽനിന്നും പീഡകളിൽനിന്നും വേർപെട്ടതും വിഭിന്നവും ആയിരുന്നു അവരുടെ മതവും ആരാധനയും. ആമോസ് 5:21–24 ൽ, അവരുടെ ആരാധന സംബന്ധിച്ചു, ദൈവം “ദ്വേഷിച്ചു നിരസിക്കുന്നു”, “പ്രസാദമില്ല” എന്നൊക്കെയാണു പറയപ്പെട്ടിരിക്കുന്നത്. അവരുടെ സഭായോഗങ്ങൾ “ദുർഗന്ധമായും”, അവരുടെ വഴിപാടുകളും പാട്ടു കളുടെ സ്വരവും വിലയില്ലാത്തവയായും തള്ളപ്പെട്ടിരിക്കുന്നു.

മീഖാ. 6 ൽ, അധികമധികം കാറ്റു നിറയ്ക്കപ്പെട്ട, ഹാസ്യമായി തോന്നാ വുന്ന നിർദ്ദേശങ്ങളാണു ഏറ്റവും അനുയോജ്യമായ ആരാധനാ രീതിയായി നൽകപ്പെട്ടിരിക്കുന്നത്. പ്രവാചകൻ ഹോമയാഗങ്ങളെയും, ആയിരമായിരം

ആട്ടുകൊറ്റന്മാരെക്കൊണ്ടുള്ള അത്യന്തം വർദ്ധിച്ച യാഗങ്ങളെയും, പതിനാ യിരം പതിനായിരമായ ഒലിവു തൈല നദികളെയുമൊക്കെയാണു അവരെ പരിഹസിച്ചുകൊണ്ടു നിർദ്ദേശിക്കുന്നത് (വാ. 6,7). ഭീകരമെങ്കിലും അറിയ പ്പെടാത്തതു ആയിരുന്നില്ല - ദൈവപ്രീതി നേടേണ്ടതിനും പാപക്ഷമയ്ക്കു മായി സ്വന്തം ആദ്യജാതനെ ബലി കഴിക്കുന്നതുവരെയുള്ള നിർദ്ദേശം നൽക പ്പെട്ടിരിക്കുന്നു.

ദൈവം വാസ്തവമായി ആവശ്യപ്പെടുന്നതു, "ന്യായം പ്രവർത്തിക്കു വാനും, ദയാതല്പരൻ ആയിരിപ്പാനും ദൈവത്തിന്റെ സന്നിധിയിൽ താഴ്മയോടെ നില്പാനും" ആകുന്നു (മീഖാ. 6:8).

**നിങ്ങൾക്കു ചുറ്റിലുമുള്ള ദരിദ്രരെ സഹായിക്കുന്നതിനു ഉപരിയായി, മതത്തിന്റെ ബാഹ്യരൂപങ്ങളെയും ആചാരാനുഷ്ഠാനങ്ങളെയും കരുതു ന്നതായി നിങ്ങളെതന്നേ എപ്പോഴെങ്കിലും നിങ്ങൾ കണ്ടെത്തിയിട്ടുണ്ടോ? ആ അനുഭവത്തിൽനിന്നു നിങ്ങൾ എന്താണു പഠിച്ചത്?**

**ബുധൻ** **ഓഗസ്റ്റ് 7**

## ആരാധനയ്ക്കു ഒരു വിധം

ആരാധനയും നീതിയും തമ്മിലുള്ള ബന്ധത്തെ വിവരിച്ചുകൊണ്ടു പ്രവാ ചകന്മാർ നിർബ്ബന്ധിക്കുന്ന മറ്റൊരു നടപടിയുണ്ട്. സാധുക്കളെയും പീഡിതരെയും വിടുവിക്കുന്നതും ആവശ്യക്കാരെ സഹായിക്കുന്നതും ആരാധനയുടെ തന്നേ സുപ്രധാനമായ ഭാഗം ആണ്. യെശയ്യാവു 58 ഈ പരസ്പരബന്ധത്തെ വ്യക്തമാക്കുന്നു.

യെശയ്യാവു 58 വായിക്കുക. ഈ അദ്ധ്യായത്തിന്റെ ആദ്യഭാഗത്തു പറ യുന്നപ്രകാരം ദൈവവും തന്റെ ജനവും തമ്മിലുള്ള ബന്ധത്തിൽ തെറ്റി പ്പോയതു എന്താണ്?

നമ്മൾ നേരത്തേ കണ്ടതുപോലെ, സജീവമായി മതനിഷ്ഠയോടുകൂടെ ജീവിച്ചവർക്കു നേരെയാണു ഈ വിമർശനം നൽകപ്പെട്ടിരിക്കുന്നത്. ദൈവത്തെ അവർ ആത്മാർത്ഥതയോടെ അന്വേഷിക്കുന്നതായാണു കാണ പ്പെടുന്നതു, എന്നാൽ അതു പ്രായോഗികമായല്ല എന്നതു സ്പഷ്ടമാണ്. ദൈവം അതുകൊണ്ടു അവരോടു, അവരുടെ ആരാധനാരീതി മാറ്റി, വ്യത്യ സ്തമായ വിധം ദൈവത്തെ സേവിക്കുവാൻ ശ്രമിക്കണമെന്നു ആവശ്യപ്പെ ടുന്നു. ദൈവം ആഗ്രഹിക്കുന്ന രീതി ആകട്ടെ, "അന്യായബന്ധനങ്ങളെ അഴി ക്കുക; നുകത്തിന്റെ അമിക്കയറുകളെ അഴിക്കുക; പീഡിതരെ സ്വതന്ത്രരായി വിട്ടയയ്ക്കുക; എല്ലാ നുകത്തെയും തകർക്കുക" (യെശ. 58:6) എന്നിങ്ങനെ ആകുന്നു. വിശക്കുന്നവർക്കു ആഹാരവും, വീടില്ലാത്തവർക്കു അഭയവും

തുടങ്ങി ആവശ്യക്കാർക്കു വേണ്ടതു ചെയ്തു കൊടുക്കുക എന്നിവയും ദൈവം അവരോടു ആവശ്യപ്പെട്ടു.

ആരാധനയ്ക്കുള്ള ഏകമാർഗ്ഗമായല്ല അത്തരം പ്രവൃത്തികളെ അവതരിപ്പിക്കുന്നതു, ദൈവം ആകട്ടെ ആരാധനയ്ക്കുള്ള ഒരു മാർഗ്ഗമായി അവയെ നിർബ്ബന്ധിക്കുന്നു-അതോടൊപ്പം പരമ്പരാഗതമായ ആരാധനാനടപടികളിൽ സ്വീകാര്യമായ ഒരു രീതിയും. അങ്ങനെ ആരാധന എന്നതു ആന്തരികമായി മാത്രം കേന്ദ്രീകരിക്കപ്പെടുന്നതല്ല. ദൈവാരാധകർക്കു ചുറ്റിലും ഉള്ളവർക്കു അനുഗ്രഹങ്ങൾ കൊണ്ടുവരുന്നവകൂടി ആകണം. മനുഷ്യരെ അവരുടെ പാപഭാരങ്ങളിൽനിന്നു മോചിപ്പിക്കുന്നതും അസഹിഷ്ണുതയും പീഡനവും ഇല്ലാതാക്കുന്നതും, നീതിയും സ്വാതന്ത്ര്യവും സമാധാനവും പ്രോത്സാഹിപ്പിക്കുന്നതും ആണു മതത്തിന്റെ യഥാർത്ഥ ഉദ്ദേശ്യം'' SDA Bible commentary, 4:306.

യെശയ്യാവു 58:8–12 ൽ, ദൈവം ഇപ്രകാരമുള്ള ആരാധനയ്ക്കു അനുഗ്രഹങ്ങൾ വാഗ്ദാനം ചെയ്യുന്നു. ഫലത്തിൽ ദൈവം പറയുന്നു, ജനം അവരിൽ തന്നെ അധികം ശ്രദ്ധവയ്ക്കാതിരുന്നാൽ സൗഖ്യവും യഥാസ്ഥാപനവും കൊണ്ടുവരുവാൻ ദൈവം അവരോടുകൂടെയും അവരിലൂടെയും പ്രവർത്തിക്കുന്നതു അവർ കാണുമായിരുന്നു.

താല്പര്യകരമായി, ഈ അദ്ധ്യായം ഇത്തരം ആരാധനയെ "ആഹ്ളാദം" നിറഞ്ഞ ശബ്ബത്താചരണത്തിന്റെ ഒരു പുതുക്കത്തോടു ബന്ധിപ്പിക്കുന്നു. ശബ്ബത്തും ശുശ്രൂഷകളും തമ്മിലുള്ള ശക്തമായ ചില ബന്ധങ്ങൾ നമ്മൾ പരിഗണിച്ചുകഴിഞ്ഞു. എന്നാൽ, ആരാധനയെ പുനരുജ്ജീവിപ്പിക്കുവാനും ദൈവത്തിന്റെ അനുഗ്രഹങ്ങളെ കണ്ടെത്തുവാനുള്ള ആഹ്വാനത്തിൽ ഈ കാരുണ്യപ്രവൃത്തികളും ഈ വാക്യങ്ങളിൽ അടങ്ങിയിരിക്കുന്നു. ഈ വാക്യങ്ങളുടെ വെളിച്ചത്തിൽ എല്ലെൻ വൈറ്റ് അഭിപ്രായപ്പെടുന്നു: "ദൈവത്തിന്റെ ശബ്ബത്ത് ആചരിക്കുന്നവരുടെ മേൽ, കരുണയുടെയും പ്രയോജനത്തിന്റെയും ഒരു പ്രവൃത്തി ചെയ്യുന്നതിനുള്ള ചുമതല ഏല്പിക്കപ്പെട്ടിരിക്കുന്നു" Welfare Ministry, P. 121.

**വ്യാഴം** **ഓഗസ്റ്റ് 8**

## കരുണയും വിശ്വസ്തതയും

യേശുവിനു തന്റെ കാലത്തെ മതനേതാക്കളെ നേരിടേണ്ടിവന്നു. "പാപികളോടു'' കൂടെ തിന്നുകുടിക്കുന്നു എന്നു അവർ യേശുവിനെ വിമർശിച്ചു. യേശു ഹോശേയയുടെ പ്രവചനത്തിൽനിന്നു ഉദ്ധരിച്ചു: "യാഗത്തിലല്ല ദയയിലും, ഹോമയാഗങ്ങളെക്കാൾ ദൈവപരിജ്ഞാനത്തിലും ഞാൻ പ്രസാ

ദിക്കുന്നു". ദൈവം എന്താണു ഇതുകൊണ്ടു അർത്ഥമാക്കിയതെന്നു, അവർ പോയി പുസ്തകങ്ങൾ പരിശോധിച്ചു കണ്ടുപിടിക്കുവാൻ യേശു അവരോടു പറഞ്ഞു (ഹോശേ. 6:6; മത്താ. 9:13).

നാം കാണാൻ പോകുന്നതുപോലെ, യേശു കരുതലിന്റെയും ശുശ്രൂഷയുടെയും ജീവിതം നയിച്ചു. യേശുവിന്റെ മറ്റുള്ളവരുമായുള്ള ഇടപെടലുകൾ, രോഗസൗഖ്യം, പല ഉപമകൾ എന്നിവ, ഇപ്രകാരം ജീവിക്കുന്നതാണു ദൈവത്തോടുള്ള യഥാർത്ഥ ഭക്തിയെ വെളിപ്പെടുത്തുന്ന അത്യുത്തമ മാർഗ്ഗം എന്നു പ്രകടമാക്കുകയും അതിനായി നിർബ്ബന്ധിക്കുകയും ചെയ്തു. മതനേതാക്കൾ ആയിരുന്നു യേശുവിന്റെ ഏറ്റവും വലിയ വിമർശകർ: അതേ സമയം യേശുവിന്റെ അതിരൂക്ഷമായ വിമർശനത്തിനു പാത്രമായതും അവർ ആയിരുന്നു. യെശയ്യാവിന്റെ കാലത്തെ ആളുകൾ എന്നപോലെ, ഇവരും തങ്ങളുടെ മതാനുഷ്ഠാനങ്ങൾകൊണ്ടു ദൈവത്തോടു പ്രത്യേക ബന്ധം ഉറപ്പാക്കിയിരുന്നെന്നു എന്നു വിശ്വസിച്ചു. അതേ സമയം അവർ സാധുക്കളെ ചൂഷണം ചെയ്യുകയും ദരിദ്രരെ അവഗണിക്കുകയും ചെയ്തുകൊണ്ടിരുന്നു. അവരുടെ ആരാധനയും അവരുടെ പ്രവൃത്തികളും യോജിക്കുന്നവ ആയിരുന്നില്ല. യേശു ആകട്ടെ അവരുടെ കപടഭക്തിയെ ശാസിക്കുന്നതിൽ മടിച്ചതുമില്ല.

**മർക്കൊസ് 12:38–40 വായിക്കുക. അവർ "വിധവകളുടെ വീടുകളെ വിഴുങ്ങുന്നു" എന്ന യേശുവിന്റെ നിരൂപണം ഈ പട്ടികയിൽ അസ്ഥാനത്തെന്നു തോന്നുന്നുണ്ടോ അല്ലെങ്കിൽ അതാണോ യേശു പറയുവാൻ ഉദ്ദേശിച്ച കാര്യം?" അവർക്കു ഏറ്റവും വലിയ ശിക്ഷാവിധിവരും" എന്നുള്ളതു എന്തുകൊണ്ടെന്നു നിങ്ങൾ എപ്രകാരം വിശദീകരിക്കും?**

യേശുവിന്റെ ഏറ്റം ഭയം ഉളവാക്കുന്ന പ്രസംഗം - പ്രത്യേകിച്ചു മതനേതാക്കൾക്കു വേണ്ടിയുള്ളതു - ഒരുപക്ഷേ മത്തായി 23 ൽ കാണുന്നതു ആയിരിക്കാം. അവരുടെ മതം ജീവിതത്തിൽ നിർഭാഗ്യർ ആയവരെ സഹായിച്ചില്ല എന്നു മാത്രമല്ല, അത്തരം മതം അവരുടെ ഭാരങ്ങളെ വർദ്ധിപ്പിക്കും എന്നും കൂടി യേശു വിശദീകരിച്ചു. അവരുടെ പ്രവൃത്തികൾ - ചിലപ്പോൾ പ്രവൃത്തിയും കരുതലും ഇല്ലാതിരുന്നതും - കൊണ്ടു അവർ "മനുഷ്യർക്കു മുമ്പിൽ സ്വർഗ്ഗരാജ്യത്തിന്റെ വാതിൽ അടെച്ചുകളഞ്ഞു" എന്നു യേശു പറഞ്ഞു (മത്താ. 23:13).

യേശു, നൂറ്റാണ്ടുകൾക്കു മുമ്പുണ്ടായിരുന്ന പ്രവാചകന്മാരെ പ്രതിധ്വനിപ്പിച്ചുകൊണ്ടു, അവരുടെ ഗൗരവമേറിയ മതാചാരങ്ങളും അവർ പൊറുക്കുന്ന അന്യായവും അതിൽനിന്നു നേട്ടമുണ്ടാക്കിയതും തമ്മിലുള്ള വിടവിനെ നേരിട്ടു എടുത്തു പറഞ്ഞു: "കപടഭക്തിക്കാരായ ശാസ്ത്രിമാരും പരീശന്മാരും ആയുള്ളോരേ, നിങ്ങൾക്കു ഹാ കഷ്ടം; നിങ്ങൾ തുളസി, ചതകുപ്പ,

ജീരകം എന്നിവയിൽ പതാരം കൊടുക്കയും ന്യായം, കരുണ, വിശ്വസ്തത ഇങ്ങനെ ന്യായപ്രമാണത്തിൽ ഘനമേറിയവ ത്യജിച്ചുകളകയും ചെയ്യുന്നു. അതു ചെയ്കയും ഇതു ത്യജിക്കാതിരിക്കയും വേണം" (മത്താ. 23:23). മതാനുഷ്ഠാനങ്ങളും ആചാരങ്ങളും അവയിൽ തന്നെ തെറ്റല്ലെന്നും, മറ്റു ള്ളവരെ ന്യായമായി പരിചക്കുന്നതു ഒഴിവാക്കരുതെന്നും യേശു എടുത്തു പറഞ്ഞു.

**സത്യം ഉണ്ടായിരിക്കുകയും അറിയുകയും ചെയ്താൽ മതി എന്ന ചിന്തയുടെ കെണിയെ എങ്ങനെ ഒഴിവാക്കാം?**

**വെള്ളി** **ഓഗസ്റ്റ് 9**

**കൂടുതൽ പഠനം:** എലെൻ ജി. വൈറ്റ്, Welfare Ministry, PP. 29-33; The Desire of Ages, PP. 610-620

"പ്രായോഗിക ദൈവികതയുടെ മൂല്യം എടുത്തു കാണിച്ചുകൊണ്ടു, നൂറ്റാണ്ടുകൾക്കുമുമ്പു യിസ്രായേലിനു നൽകപ്പെട്ടിരുന്ന ഉപദേശത്തെ ആവർത്തിക്കുക മാത്രമേ പ്രവാചകൻ ചെയ്തുള്ളൂ.... മതത്തിന്റെ ബാഹ്യ രൂപാദികളുടെയും കരുണ കാണിക്കുവാൻ മറക്കുന്നതിന്റെയും ശീലങ്ങളിൽ വീഴുന്ന അപകടത്തിനെതിരേ, കാലാകാലങ്ങളിൽ യഹോവയുടെ ദാസന്മാർ ഈ ഉപദേശങ്ങളെ ആവർത്തിച്ചിട്ടുണ്ട്" Ellen G. White, Prophets and Kings, PP. 326, 327.

"യെശയ്യാവ് 58-ാം അദ്ധ്യായം നമ്മുടെ ആളുകൾക്കു പരാമർശിക്കു വാൻ എനിക്കു ഉപദേശം നൽകപ്പെട്ടു. ഈ അദ്ധ്യായം ശ്രദ്ധയോടെ വായിച്ചു, സഭകളിലേക്കു ജീവൻ കൊണ്ടുവരുന്ന ശുശ്രൂഷകൾ എപ്രകാരം ഉള്ളവ യെന്നു അറിയുക. നമ്മുടെ അധ്വാനംകൊണ്ടെന്നപോലെ നമ്മുടെ ഔദാ ര്യംകൊണ്ടും സുവിശേഷത്തിന്റെ പ്രവർത്തനം നടത്തപ്പെടണം. സഹായം ആവശ്യമായി, കഷ്ടം അനുഭവിക്കുന്നവരെ കാണുമ്പോൾ അവർക്കു അതു നൽകണം. വിശക്കുന്നവരെ കണ്ടാൽ ഭക്ഷണം കൊടുക്കണം. ഇതു ചെയ്യു ന്നതിൽ നിങ്ങൾ ക്രിസ്തുവിന്റെ ശുശ്രൂഷയ്ക്കൊത്തു പ്രവർത്തിക്കുകയാണ്. യജമാനന്റെ വിശുദ്ധവേല പ്രയോജനമുള്ള വേല ആയിരുന്നു. എവിടെയുമുള്ള നമ്മുടെ ആളുകൾ ഈ വേലയിൽ ഒരു പങ്കുള്ളവർ ആകുവാൻ പ്രോത്സാ ഹിപ്പിക്കപ്പെടട്ടെ" Welfare Ministry, P. 29.

**ചർച്ചയ്ക്കായുള്ള ചോദ്യങ്ങൾ:**

1. ന്യായം പ്രവർത്തിക്കുന്നതും കരുണ ഇഷ്ടപ്പെടുന്നതും ആരാധനാ ക്രിയകൾ ആണെന്നു നിങ്ങൾ എപ്പോഴെങ്കിലും ചിന്തിച്ചിട്ടുണ്ടോ? മറ്റുള്ളവർക്കുവേണ്ടി

കരുതുന്നവർ ആകുന്നതിനു നിങ്ങളുടെ ക്രിയകൾ എങ്ങനെയാണു മാറ്റിയത്? ആരാധനയോടുള്ള സമീപനത്തിൽ ക്രിയകളിൽ എങ്ങനെ മാറ്റം വരുത്തി?

2. "ന്യായപ്രമാണത്തിലെ അധികം പ്രധാനമായ" കാര്യങ്ങളെ അവഗണിക്കാതിരിക്കാൻ, വ്യക്തിപരമായും സഭാസമൂഹമായും നമുക്കു എങ്ങനെ സൂക്ഷിക്കുവാൻ കഴിയും? നിങ്ങളുടെ സ്വന്തം ജീവിതത്തിൽ, "കൊതുകിനെ അരിച്ചെടുക്കുകയും ഒട്ടകത്തെ വിഴുങ്ങുകയും ചെയ്ത ചില അനുഭവങ്ങളെ തിരിച്ചറിയാൻ നിങ്ങൾക്കു കഴിയുന്നുണ്ടോ? (മത്താ. 23:23,24).

3. കപടഭക്തിയെ അത്തരം ഒരു പാപമായി കണക്കാക്കുന്നതു എന്തുകൊണ്ടാണ്? നമ്മൾ നന്മ ചെയ്യുന്നു എന്നു കാണപ്പെടുംവിധം ശ്രമിക്കുന്നതു കൂടുതൽ നല്ലതല്ലേ?

4. സാധുക്കളെയും ദരിദ്രരെയും സംബന്ധിച്ച ദൈവത്തിന്റെ ദർശനവും വികാരവും പ്രവചനങ്ങളിൽ വെളിപ്പെടുത്തപ്പെട്ടിരിക്കുന്നതു നിങ്ങളുടെ ലോകവീക്ഷണത്തെ എങ്ങനെ ബാധിക്കുന്നു? പ്രാദേശിക വാർത്താ റിപ്പോർട്ടുകളെ ഒരു പ്രവാചകന്റെ കണ്ണുകളിലൂടെയും കാതുകളിലൂടെയും നിങ്ങൾ കാണുകയും കേൾക്കുകയും ചെയ്തിരുന്നെങ്കിൽ, നിങ്ങൾ എങ്ങനെ, വ്യത്യസ്തമായി കാണുകയോ കേൾക്കുകയോ ചെയ്യുമായിരുന്നു?

**സംഗ്രഹം:** ദേശത്തിലെ തിന്മയെക്കുറിച്ചു പ്രവാചകന്മാർ ചിന്തയുള്ളവർ ആയിരുന്നപ്പോൾ, ദൈവത്തെ തങ്ങളുടെ സ്വന്തം എന്നു അവകാശപ്പെടുകയും ആരാധിക്കുകയും ചെയ്ത ഒരു ജനം ചെയ്ത ദുഷ്ടതയുടെ മേലാണു അവർ പ്രത്യേകം ശ്രദ്ധവെച്ചത്. യേശുവിനും പ്രവാചകന്മാർക്കും, അന്യായത്തോടെയുള്ള ആരാധന യുക്തമല്ലാത്തതും, അങ്ങനെയുള്ള മതം കാപട്യവും ആയിരുന്നു. യഥാർത്ഥമായ ദൈവാരാധന പീഡനത്തിനെതിരേ പ്രവർത്തിക്കുന്നതും ദരിദ്രർക്കും ആവശ്യക്കാർക്കും വേണ്ട പരിചരണം ചെയ്യുന്നതും ഉൾപ്പെട്ടതാണ്.

***